അധ്യായം 95

## അത്തീൻ (അത്തി)

അവതരണം മക്കയിൽ, സൂക്തങ്ങൾ 8

**അദ്ധ്യായ പരിചയം:**
**അല്ലാഹുവിൻെറ പ്രതിനിധിയായ മനുഷ്യനെ അവൻ ഏറ്റവും നല്ല ഘടനയിലാണ് സൃഷ്ടിച്ചിട്ടുള്ളത്. തികച്ചും യുക്തിപൂർണമായ ഘടനയാണത്. അതിനനുസരിച്ച ബുദ്ധിശക്തിയും മാനസികഘടനയുമാണ് അവന് മനുഷ്യന് നല്കിയിട്ടുള്ളത്. എന്നിട്ടും മനുഷ്യരിൽ പലരും തങ്ങളുടെ സ്രഷ്ടാവിനോട് ധിക്കാരം പ്രവർത്തിക്കുകയാണ്. ചിലരോ അവനെ അംഗീകരിക്കുന്നവരായും ഉണ്ട്. ഈ രണ്ട് വിഭാഗത്തിൻെറയും ജീവിതം പരലോകത്ത് വിചാരണ ചെയ്യപ്പെടുന്നതും അതിൻെറ രക്ഷാശിക്ഷകൾ അവർ ഏറ്റെടുക്കേണ്ടതുമണെന്ന് ഈ അദ്ധ്യായം വ്യക്തമാക്കുന്നു.**

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

وَٱلتِّينِ وَٱلزَّيْتُونِ ۝١ وَطُورِ سِينِينَ ۝٢ وَهَٰذَا ٱلْبَلَدِ ٱلْأَمِينِ ۝٣ لَقَدْ
خَلَقْنَا ٱلْإِنسَٰنَ فِيٓ أَحْسَنِ تَقْوِيمٍ ۝٤ ثُمَّ رَدَدْنَٰهُ أَسْفَلَ سَٰفِلِينَ ۝٥ إِلَّا
ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فَلَهُمْ أَجْرٌ غَيْرُ مَمْنُونٍ ۝٦ فَمَا
يُكَذِّبُكَ بَعْدُ بِٱلدِّينِ ۝٧ أَلَيْسَ ٱللَّهُ بِأَحْكَمِ ٱلْحَٰكِمِينَ ۝٨

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. അത്തിയും ഒലീവുമാണ് സത്യം.
2. സീനാമലയുമാണ് സത്യം.
3. ശാന്തി നിറഞ്ഞ ഈ നഗര(മക്ക)വുമാണ് സത്യം.
4. തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയിൽ സൃഷ്ടിച്ചിരിക്കുന്നു.
5. പിന്നെ നാമവനെ പതിതരിൽ പതിതരിലേക്ക് മടക്കി.
6. സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെയൊഴിച്ച്. അവർക്ക് അക്ഷയമായ പ്രതിഫലമുണ്ട്.
7. എന്നാൽ ഇതിനുശേഷം രക്ഷാശിക്ഷകളുടെ കാര്യത്തിൽ നിന്നെ കളളമാക്കുന്നതെന്ത്?
8. വിധികർത്താക്കളിൽ ഏററവും നല്ല വിധികർത്താവ് അല്ലാഹുവല്ലയോ?

**വിശദീകരണം:**
**ഒരു പരമാർഥം മനസ്സിലാക്കിത്തരാൻ ചില സ്ഥലങ്ങളെ പിടിച്ചാണയിടുകയാണ് അല്ലാഹു ചെയ്യുന്നത്. ആ സ്ഥലങ്ങൾ ഒന്ന് മക്ക. രണ്ട്, അത്തിയും ഒലിവും വളരുന്ന സിറിയ-ഫലസ്തീൻ പ്രദേശങ്ങൾ. അതുമുഖേന പറയുന്ന കാര്യം ഇതാകുന്നു: മനുഷ്യനെ നാം സൃഷ്ടിച്ചിട്ടുള്ളത് മറ്റൊരു സൃഷ്ടിക്കും നല്കിയിട്ടില്ലാത്ത സുന്ദരഘടനയിലാകുന്നു. അതോടൊപ്പം ചിന്താശക്തി, വിജ്ഞാനം എന്നിവയും നാം നല്കിയിരിക്കുന്നു. ഈ രണ്ട് കാര്യങ്ങളും ലോകത്ത് മനുഷ്യന് സ്രഷ്ടാവ് ഏല്പിച്ചിരിക്കുന്ന ജീവിതധർമത്തെയാണ് സൂചിപ്പിക്കുന്നത്. അതുകൊണ്ടാണ് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളെ പിടിച്ചാണയിട്ടുകൊണ്ട് അല്ലാഹു ഈ വിഷയം സ്ഥാപിക്കുന്നത്.**

**അവനെ നികൃഷ്ടനാക്കി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഇതത്രെ: ശാരീരികമായ ഉയർന്ന യോഗ്യതയും വിജ്ഞാനവും ചിന്താശക്തിയും ഏതൊരു കാര്യത്തെ മുൻനിറുത്തി**

യാണോ മനുഷ്യന് നല്കിയിരിക്കുന്നത് അതിന്റെ നിര്‍വഹണത്തില്‍നിന്ന് അവന്‍ ബഹുദൂരം അകന്നുപോയിരിക്കുന്നു. പകരം ധിക്കാരവും അഹങ്കാരവും താന്‍പോരിമയും സ്വാര്‍ഥ താല്പര്യ സംരക്ഷണവും സ്വജനപക്ഷപാതിത്തവും കൊള്ളയും കൊലയുമൊക്കെയാകുന്നു അവനില്‍ അവശേഷിച്ചിട്ടുള്ളത്. ഈ നയം കൈക്കൊള്ളുക വഴി താന്‍ ഒരു സംസ്കാരവുമില്ലാത്ത ഏറ്റവും നികൃഷ്ടനായ ജീവിയാണെന്ന് അവന്‍ സ്വയം തെളിയിക്കുന്നു.

എന്നാല്‍ ഏകദൈവത്തില്‍ വിശ്വസിക്കുകയും സല്‍കര്‍മങ്ങള്‍ ചെയ്തവരുമായ ജനം ഈ അവസ്ഥയില്‍നിന്ന് ഒഴിവാണ്. പുണ്യം ചെയ്തവരും ധിക്കാരം അനുവര്‍ത്തിച്ചവരും ഫലത്തില്‍ ഒരുപോലെയാവുക സാധ്യമല്ല. സ്വബുദ്ധി ഉപയോഗിച്ച് സത്യത്തെ കണ്ടെത്തുകയും അതിന്റെ തേട്ടങ്ങള്‍ക്കനുസരിച്ച് ജീവിക്കുകയും ചെയ്തവര്‍ക്ക് നിശ്ചയിച്ചിട്ടുള്ളത് ഒരിക്കലും മുറിഞ്ഞുപോകാത്ത പ്രതിഫലമാകുന്നു.

നിന്നെ തള്ളിപ്പറയാന്‍ ആര്‍ക്ക് കഴിയും എന്ന ചോദ്യം കൊണ്ട് ഉദ്ദേശിക്കുന്നതിതാണ്: ലോകത്ത് രണ്ടു തരം മനുഷ്യരുടെ ജീവിതം കാണാന്‍ സാധിക്കുന്നുണ്ട്. നന്മ അനുവര്‍ത്തിച്ച് ജീവിക്കുന്നവര്‍ ഒരു ഭാഗത്ത്. അവര്‍ അതിന്റെ സ്വാഭാവികമായ സദ്ഫലം അനുഭവിക്കുന്നതും കാണാന്‍ സാധിക്കുന്നുണ്ട്. മറുവശത്ത് തിന്മ അനുവര്‍ത്തിച്ച് ജീവിക്കുന്നവരെയും കാണാം. അവരാകട്ടെ തിന്മയുടെ കെടുതികള്‍ അനുഭവിക്കുന്നുണ്ട്. ഈ രണ്ട് തരത്തിലുള്ള ജീവിതദൃശ്യങ്ങളും പാരത്രിക പരിണതിയുടെ അവസ്ഥ എന്താണെന്ന് വിളിച്ചോതുന്നവയാണ്. അത്തരം ഒരവസ്ഥ കണ്ടിട്ട് വിവേകിയായ ഒരാള്‍ക്ക് എങ്ങനെയാണ് പാരത്രിക പ്രതിഫലദിനത്തെ നിഷേധിക്കാനാവുക? എങ്കില്‍ അതാണ് ബുദ്ധിശൂന്യമായ സമീപനം.

മനുഷ്യന്റെ സ്വാഭാവികമായ തേട്ടമാണ് നീതി സ്ഥാപിക്കപ്പെടണമെന്നത്. ഓരോ കുറ്റത്തിന്റെ വിചാരണയിലും നാം പ്രതീക്ഷിക്കുന്നത് അതാണ്. മറ്റുള്ളവര്‍ ന്യായപീഠത്തെ സ്വാധീനിക്കാന്‍ ശ്രമിക്കുമ്പോഴും നാം നീതിക്കുവേണ്ടി ശബ്ദിക്കുന്നു. എന്നാല്‍ നീതി ചെയ്യുന്നതില്‍ അല്ലാഹുവിനെ കവച്ചുവെക്കാന്‍ ആര്‍ക്കും സാധ്യമല്ല. അന്തിമമായി നൂറു ശതമാനവും നീതി പുലരുക അവങ്കലാണ്. അവനല്ലാത്ത ഒരു ശക്തിയില്‍നിന്നും ശരിയായ നീതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നത് വെറുതെയാണ്.